**15 -ാം കേരള നിയമസഭ**

**11 -ാം സമ്മേളനം**

**നക്ഷത്ര ചിഹ്നം ഇല്ലാത്ത ചോദ്യം നം. 4002** **28-06-2024 - ൽ മറുപടിയ്ക്ക്**

**മാവൂർ ഫയർ സ്റ്റേഷന്റെ പ്രവർത്തനം**

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| ശ്രീ. പി. ടി. എ. റഹീം | | ശ്രീ. പിണറായി വിജയൻ (മുഖ്യമന്ത്രി) | |
| (എ) | കോഴിക്കോട് ജില്ലയിൽ അനുമതി ലഭിച്ച മാവൂർ ഫയർ സ്റ്റേഷൻ പ്രവർത്തനം ആരംഭിക്കുന്നതിന് നിലവിൽ എന്തെങ്കിലും തടസ്സമുണ്ടോ; വ്യക്തമാക്കാമോ; | (എ) | മാവൂർ ഫയർ സ്റ്റേഷൻ പ്രവർത്തിക്കുന്നതിന് താൽക്കാലിക സൗകര്യം ഒരുക്കുന്നതിനായി സ്ഥലം എം.എൽ.എ. യുടെ ആസ്തി വികസന ഫണ്ട് ഉപയോഗിച്ച് ഓഫീസ് കെട്ടിടവും ജീവനക്കാർക്കുള്ള വിശ്രമ മുറിയും നിർമ്മിക്കുന്ന പണികൾ അന്തിമ ഘട്ടത്തിലാണ്. വാഹനങ്ങൾക്കുള്ള ഗ്യാരേജ് നിർമ്മാണം പൂർത്തീകരിച്ചിട്ടുണ്ട്. മറ്റ് നിർമ്മാണങ്ങൾ ഉടൻ പൂർത്തീകരിക്കാൻ സാധിക്കുമെന്ന് മാവൂർ ഗ്രാമപഞ്ചായത്ത് അറിയിച്ചിട്ടുണ്ട്. പ്രസ്തുത പണികൾ പൂർത്തിയാക്കി വകുപ്പിന് കൈമാറി ലഭ്യമാക്കുന്ന മുറയ്ക്ക് മാത്രമേ ഫയർ സ്റ്റേഷൻ തുറന്ന് പ്രവർത്തിക്കുന്ന കാര്യത്തിൽ തുടർ നടപടികൾ സ്വീകരിക്കുവാൻ സാധിക്കുകയുള്ളൂ. |
| (ബി) | സർക്കാർ നിഷ്കർഷിച്ച കെട്ടിട സൗകര്യങ്ങൾ ഉൾപ്പെടെയുള്ള സംവിധാനങ്ങൾ ഏർപ്പെടുത്തിയ സാഹചര്യത്തിൽ മാവൂരിൽ ഫയർ സ്റ്റേഷൻ പ്രവർത്തനമാരംഭിക്കുന്നതിന് നടപടി സ്വീകരിക്കുമോ എന്ന് അറിയിക്കുമോ? | (ബി) | പിരിവ് (എ)യിൽ ചേർത്തിട്ടുണ്ട്. |

സെക്ഷൻ ഓഫീസർ